## 2009 നവംബർ 22

# പരിശുദ്ധ ദൈവമാതാവിനോടുള്ള അറിയിപ്പ്

## ലൂക്കാ 1:26-38

ഫാ. മാത്യു പി. ഫ്രാൻസിസ്

രക്ഷാകരചരിത്രത്തിലെ നിർണായക മുഹൂർത്തമായിരുന്നു മംഗളവാർത്ത. ദൈവം ഭൂമിയിൽ അവതരിക്കുവാൻ ഒരു സാധു പെൺകുട്ടിയെ തെരഞ്ഞെടുക്കുകയും അവളുടെ പൂർണ സമ്മതത്തോടുകൂടി ഈ ഭൂമിയിലേക്കു കടന്നുവരികയും ചെയ്തു. ഇന്നത്തെ സുവിശേഷത്തിൽ ഗബ്രിയേൽ ദൂതൻ യേശുവിന്റെ ജനനത്തെക്കുറിച്ച് അറിയിക്കുന്നതാണ് നാം വായിക്കുന്നത്. നമ്മുടെ കർത്താവിന്റെ മുന്നോടിയായ സ്നാപക യോഹന്നാന്റെ ജനനത്തെക്കുറിച്ച് സഖറിയാ പുരോഹിതന് ലഭിച്ച അറിയിപ്പുമായി വളരെ സാമ്യമുള്ളതാണ് ഇന്നത്തെ വേദഭാഗം.

അടുത്ത് യോഹന്നാന്റെ ജനനത്തെക്കുറിച്ച് സഖറിയാ പുരോഹിതന് അറിയിപ്പ് ഉണ്ടാകുന്നത് അതിപ്രസിദ്ധമായ ജറുസലേം ദൈവാലയത്തിൽ അദ്ദേഹം ശുശ്രൂഷ നിർവഹിച്ചുകൊണ്ടിരിക്കുമ്പോഴാണ്. എന്നാൽ മറിയത്തിനു ലഭിച്ച അറിയിപ്പാകട്ടെ നസ്രത്ത് എന്ന അപ്രശസ്ത പട്ടണത്തിൽ മറിയം ഏകാന്തതയിൽ പ്രാർത്ഥിക്കുമ്പോഴായിരുന്നു. വന്ധ്യയായ എലിസബത്തിൽകൂടെ രക്ഷകന്റെ മുന്നോടിയായ യോഹന്നാൻ കടന്നുവന്നു. കന്യകയായ മറിയത്തിലൂടെ ഇതാ രക്ഷകൻ കടന്നു വരുന്നു. നസ്രത്തിൽ നിന്ന് ഒരിക്കലും നന്മയുണ്ടാകയില്ലെന്ന് കരുതിയിരുന്നപ്പോൾ, അവിടെനിന്നുതന്നെ രക്ഷകന്റെ പിറവി ഉണ്ടാവുകയും ചെയ്തു. മനുഷ്യരുടെ കണക്കുകൂട്ടലുകളെയെല്ലാം തെറ്റിക്കുന്നതാണ് ദൈവീക പദ്ധതി.

ദൈവം എന്തുകൊണ്ടാണ് മറിയം എന്ന ഒരു സാധാരണ കന്യകയെ തെരഞ്ഞെടുത്തത്? മറിയം മനുജകുലത്തിലെ ഏറ്റവും ശ്രേഷ്ഠയായ പെൺകുട്ടിയാണെന്ന് ദൈവം കണ്ടു. അതുകൊണ്ട് ദൈവമാണ് ദൂതനെ അയയ്ക്കുന്നത്. അവൾ ആത്മാവിന്റെ നിറവുള്ളവളായി കാണപ്പെട്ടു, കൃപയുടെ നിറവ് അവളിൽ കണ്ടതുകൊണ്ടാണ് ദൂതൻ പറഞ്ഞത്. ദൈവം നിന്നോടുകൂടെയുണ്ട്, അതിനാൽ നിനക്ക് സ്വസ്തി. ദൂതൻ വണങ്ങുന്നത് ഒരു ആലയത്തെയാണ്. കാരണം ദൈവത്തിന്റെ ആത്മാവ് വസിക്കുന്നിടമെല്ലാം ദൈവത്തിന്റെ ആലയങ്ങളാണ്. മറിയം എന്ന ശുദ്ധ സ്ഥലത്ത് ദൈവാത്മാവ് വന്നു നിറഞ്ഞപ്പോൾ അവൾ ഒരു ദൈവാലയമായി രൂപാന്തരപ്പെട്ടു. ദൈവത്തിന്റെ കൃപ നിറഞ്ഞ അവളിൽ അവിടുത്തെ ശക്തിയായ പരിശുദ്ധാത്മാവ് നിറയുകയും ഭൂമിയിലെ രണ്ടാം സ്വർഗമായ് അവൾ മാറ്റപ്പെടുകയും ചെയ്തു.

എളിയവളായ മറിയത്തിനു ദൈവസന്നിധിയിൽ കൃപ കണ്ടെത്തുവാനായി എന്നത് മറിയത്തെ സംബന്ധിച്ച് ഭാഗ്യപ്പെട്ട ഒരു കാര്യമാണ്. ദൈവപുത്രന്റെ അമ്മയിലൂടെ ദൈവം ഭൂമിയെ തൊട്ടു. ദൈവത്തിന് ഭൂമിയിലേയ്ക്ക് ഇറങ്ങിവരാനായി മറിയത്തെ സ്വർഗത്തോളം ദൈവം ഉയർത്തുകയും ചെയ്തു. അവൾ സ്വർഗത്തിന്റെ കവാടമായി തീരുന്ന സുന്ദരമായ കാഴ്ച. അത്യുന്നതന്റെ ശക്തിനിറഞ്ഞവളായ മറിയം ഒരു സമാഗമകൂടാരം പോലെയായിത്തീരുന്നു. കൃപനിറഞ്ഞവളായ മറിയത്തിൽ അത്യുന്നതന്റെ ശക്തി നിറഞ്ഞപ്പോൾ അവളിലൂടെ ദൈവപുത്രൻ കടന്നുവന്നു. പരിശുദ്ധാത്മ ശക്തി നിറയുന്നവരിലൂടെയെല്ലാം ദൈവീകതേജസ്സ് പ്രസരിക്കുന്നു.

സഖറിയ പ്രകടിപ്പിച്ചതുപോലെ ഒരു സംശയം മറിയവും പ്രകടിപ്പിക്കുന്നു. "ഇതെങ്ങനെ സംഭവിക്കും? സഖറിയായുടെ കാര്യത്തിൽ അദ്ദേഹം ഒരു പുരോഹിതനായിരുന്നതിനാൽ തെറ്റിന്റെ ഗൗരവം കൂടുകയും അയാൾ മൂകനാവുകയും ചെയ്തു. എന്നാൽ മറിയമാകട്ടെ ഒരു സാധാരണ സ്ത്രീ ആയിരിക്കുന്നതിനാൽ സഖറിയായ്ക് ഉണ്ടായ അനുഭവം അവൾക്ക് ഉണ്ടാകുന്നില്ല. ആത്മാവിൽ എളിമയുള്ളവർക്ക് ദൈവീക സാന്നിദ്ധ്യം കൂടുതൽ അനുഭവിക്കുവാൻ കഴിയുന്നു. മറിയം വളരെ ന്യയപൂർവമായ ഒരു ചോദ്യമാണ് ഉന്നയിച്ചത്. ഇത് ദൈവത്തിന്റെ ഹിതം ചോദ്യം ചെയ്യുന്നതോ നിഷേധിക്കുന്നതോ അല്ല. മറിച്ച്, ദൈവത്തോടുള്ള ഒരു സ്നേഹസംവാദമാണ്. ദൈവ

ത്തിന്റെ ഹിതം പൂർണമായി മനസിലാക്കാനുള്ള ഒരു നിർബന്ധബുദ്ധി. അതുകൊണ്ടാണ്, ദൂതന്റെ മറുപടിയിലൂടെ തന്നെക്കുറിച്ചുള്ള ദൈവഹിതം എന്തെന്ന് തിരിച്ചറിയുവാൻ അവൾക്കു കഴിയുന്നത്.

ഇന്നത്തെ സംഭവം വി. വേദപുസ്തകത്തിലെ സൃഷ്ടിയുടെ വിവരണവുമായി സാമ്യമുള്ളതാണ്. പ്രപഞ്ച ഉല്പത്തിയിൽ ആദിമ ചൈതന്യം ജലത്തിനുമേൽ നിറയുകയും സൃഷ്ടി നടക്കുകയും ചെയ്യുന്നു. മറിയത്തിൽ പരിശുദ്ധാത്മാവ് വന്നു നിറയുകവഴി മനുഷ്യവർഗം മുഴുവൻ പുന:സൃഷ്ടിക്കപ്പെടുകയും നവീകരിക്കപ്പെടുകയും രക്ഷ ലോകത്തിലേക്കു കടന്നുവരികയും ചെയ്തു. ഉന്നതത്തിലെ ശക്തി മറിയത്തിൽ വരികയും പരിശുദ്ധനായവൻ ഉള്ളിൽ ഉരുവാകുകയും ചെയ്തപ്പോൾ, മനുഷ്യകുലം മുഴുവൻ ദൈവീക വീണ്ടെടുപ്പിനായി തിരഞ്ഞെടുക്കപ്പെട്ടു. മറിയത്തിലൂടെ ഈശോ കടന്നുവരുന്നതുവഴിയായി സ്രഷ്ടികളുടെ നവീകരണം നടക്കുന്നു. ഉൽപത്തിയിൽ ദൈവം വാഗ്ദാനം ചെയ്ത രക്ഷ, മറിയമെന്ന സൃഷ്ടിയിലൂടെ അഥവാ അവളുടെ സന്തതിയിലൂടെ പൂർത്തീകരിക്കപ്പെടുന്നു.

രക്ഷാകരപദ്ധതിയിലേക്ക് മറിയം കടന്നുവരാൻ കാരണമായത് അവളുടെ പുണ്യമുള്ള ജീവിതവും സമർപ്പിത മനോഭാവവുമാണ്. വളരെയധികം കാര്യങ്ങളൊന്നും അവളെക്കുറിച്ച് പറയുന്നില്ല. പക്ഷേ ചെറുപ്പംമുതലേ അവൾ ദൈവത്തിന് സമർപ്പിക്കപ്പെട്ടവളായ് വളർന്നുവന്നു. പാപമൊന്നും കലരാതെ ജീവിക്കുവാൻ അവൾക്ക് കഴിഞ്ഞതും ദൈവാനുഗ്രഹം കൊണ്ടു മാത്രമാണ്. 1 യോഹ 3:9 ൽ നാം വായിക്കുന്നു, “ദൈവത്തിൽ നിന്നു ജനിച്ച ഒരുവനും പാപം ചെയ്യുന്നില്ല. കാരണം ദൈവചൈതന്യം അവനിൽ വസിക്കുന്നു. അവൻ ദൈവത്തിൽ നിന്നു ജനിച്ചവനായതുകൊണ്ട് അവനു പാപം ചെയ്യാൻ സാധ്യമല്ല.” മറിയം ഇപ്രകാരം ദൈവീക പദ്ധതിയിൽ പിറന്നവളായതുകൊണ്ടും, ആ തിരിച്ചറിവ് അവൾക്ക് ഉണ്ടായിരുന്നതുകൊണ്ടും തന്റെ ജീവിതകാലംമുഴുവൻ അവൾ പരിശുദ്ധയായി ജീവിച്ചു.

ദൈവഹിതം മനസ്സിലാക്കുവാൻ കഴിഞ്ഞതുകൊണ്ടാണ് മറിയത്തിന് തന്നെ മുഴുവനായും ദൈവത്തിന് സമർപ്പിക്കുവാൻ കഴിഞ്ഞതും വചനം മാംസം ധരിക്കുവാൻ അവളെ ദൈവത്തിന് നൽകാനായതും. ദൈവത്തിനൊന്നും അസാധ്യമല്ല എന്ന ദൂതന്റെ വചനം അവൾ വിശ്വസിച്ചു. ദൈവവാക്ക് പൂർത്തിയാവാൻ അവൾ ആഗ്രഹിച്ചു അതിനാലാണ് അവൾ യേശുവിന്റെ അമ്മയായത്. ദൈവവാക്ക് വിശ്വസിക്കുന്നതിലും അനുസരിക്കുന്നതിലും ഹൃദയത്തിൽ സംഗ്രഹിക്കുന്നതിലും മറിയം നല്ല മാതൃകയാണ്.

മറിയത്തിന്റെ ഉത്തമ സമർപ്പണം അവളുടെ ജീവിതം മുഴുവൻ നിറഞ്ഞുനിന്നു. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുവാൻ ദൈവത്തിന് അവൾ പൂർണമായി നൽകി. ഇതായിരുന്നു മറിയത്തിന്റെ സമർപ്പണം.രക്ഷാകര ചരിത്രം മുഴുവൻ ഇതിനെ അടിസ്ഥാനമാക്കിയായിരുന്നു രൂപീകരിക്കപ്പെട്ടത്. സമർപ്പണത്തിന്റെ പ്രചോദനഹേതു ദൈവീകമായി അവൾ അനുഭവിച്ച സ്വാതന്ത്ര്യമായിരുന്നു. സമർപ്പണത്തിലൂടെ ദൈവം പ്രവർത്തിക്കാൻ വിട്ടുകൊടുത്ത മറിയം തന്റെ ജീവിതത്തിന്റെ എല്ലാ അവസരങ്ങളിലും ദൈവഹിതം മാത്രം നടക്കട്ടെ എന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

നമ്മുടെ രക്ഷകന്റെ വരവിനായി നാം ഒരുങ്ങുന്ന ഈ കാലഘട്ടത്തിൽ നാം നമ്മുടെ ജീവിതത്തിൽ ദൈവഹിതം തേടാൻ പരിശ്രമിക്കാറുണ്ടോ? ദൈവവുമായുള്ള ഒരു സ്നേഹസംവാദമായി നമ്മുടെ പ്രാർത്ഥനകൾ മാറേണ്ടതുണ്ട്. ഇത്തരം സ്നേഹസംഭാഷണങ്ങളിലാണ് ദൈവഹിതം നാം മനസിലാക്കുന്നത്. എല്ലാ കാര്യങ്ങളിലും ദൈവഹിതം കണ്ടെത്തുവാനും അങ്ങനെ ദൈവം നമ്മിൽ പ്രവർത്തിക്കുവാൻ നമ്മെ സമർപ്പിക്കുവാനും മറിയത്തിന്റെ ജീവിതം നമുക്ക് മാതൃകയാവട്ടെ. പരിശുദ്ധ ദൈവമാതാവിനെപ്പോലെ ദൈവീകപദ്ധതിക്കുമുമ്പിൽ സമർപ്പിച്ചുകൊണ്ട് നാം ജീവിക്കുന്ന സമൂഹത്തിൽ രക്ഷാകര അനുഭവം പകർന്നുകൊടുക്കാൻ നമുക്ക് പരിശ്രമിക്കാം.

*********************************************